# SPECIAL TOPIC- IT ACT 2000
# BINI.P

## IT ACT - 2000

43

43A

65

66

66A

66B

66C

66D

66E

66F

67

67A

67B
72A

77B

78

Q. മനഃപൂർവം ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിലേക്ക് വൈറസ് പ്രവേശിപ്പിച്ച കുറ്റത്തിനുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന ഇൻഫോർമേഷൻ

ടെക്നോളജി ആക്ട് 2000 ലെ വകുപ്പ്,താഴെക്കൊടുത്തതിൽ ഏത് ?(Woman Police Constable - 2024)

(a) സെക്ഷൻ 43

(b) സെക്ഷൻ 65

(c) സെക്ഷൻ 72

(d) സെക്ഷൻ 77B

Ans.സെക്ഷൻ 43

Sec 43

- Penalty and compensation for damage to computer or computer system etc..
- കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം മുതലായവ കേടുവരുത്തിയാലുള്ള പിഴയും നഷ്ട പരിഹാരത്തെയും കുറിച്ച് പ്രതിപാദിക്കുന്ന സെക്ഷൻ.
- ഉടമയുടെയോ, ചുമതലയുള്ള വ്യക്തിയുടെയോ അനുമതിയില്ലാതെ ഉപയോഗിക്കുന്നതിലൂടെ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് എന്നിവയ്ക്ക് കേടുപാടുകൾ സംവിച്ചാൽ അങ്ങനെ ബാധിക്കപ്പെടുന്ന വ്യക്തിക്ക്നഷ്ടപരിഹാരവും പിഴയും നൽകാൻ അയാൾ ബാധ്യസ്ഥനാണ്.

സെക്ഷൻ 43 പ്രകാരമുള്ള കുറ്റകൃത്യങ്ങൾ

- സെക്ഷൻ 43 (a) : അനുമതിയില്ലാതെ കമ്പ്യൂട്ടർ സിസ്റ്റത്തിലേക്കോ കമ്പ്യൂട്ടർ നെറ്റ് വർക്കിലേക്കോ ഉള്ള പ്രവേശനം ഉറപ്പാക്കൽ.
- സെക്ഷൻ 43 (b) : അനുമതിയില്ലാതെ ഒരു ഡേറ്റ ഡൗൺലോഡ് ചെയ്യുക, കോപ്പി ചെയ്യുക എന്നിവ.
- സെക്ഷൻ 43 (c): കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം,കമ്പ്യൂട്ടർ നെറ്റ്‌വർക്ക്

എന്നിവയിൽ വൈറസ്ബാധ ഏൽപ്പിക്കുക.

- സെക്ഷൻ 43 (d) :കമ്പ്യൂട്ടറിലെയോ കമ്പ്യൂട്ടർ സിസ്റ്റത്തിലെയോ ഡേറ്റകൾ, ഡേറ്റാബേസുകൾ അല്ലെങ്കിൽ മറ്റ് പ്രോഗ്രാമുകൾ നശിപ്പിക്കുക അല്ലെങ്കിൽ അതിന് കാരണമാകുക.
- സെക്ഷൻ 43 (e): കമ്പ്യൂട്ടർ സിസ്റ്റം, അല്ലെങ്കിൽ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് എന്നിവയെ തടസ്സപ്പെടുത്തുക,അല്ലെങ്കിൽ അതിന് കാരണമാകുക.
- സെക്ഷൻ 43 (f) : അധികാരമുള്ള വ്യക്തി കമ്പ്യൂട്ടറിലോ കമ്പ്യൂട്ടർ സിസ്റ്റത്തിലോ നെറ്റ്‌വർക്ക്കിലോ പ്രവേശിക്കുന്നത് തടയുക
- സെക്ഷൻ 43 (g) : ഈ നിയമത്തിനോ നിയമപ്രകാരം ഉണ്ടാക്കിയ മറ്റെന്തെങ്കിലും ചട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥാവിരുദ്ധമായി മറ്റു വ്യക്തികൾക്ക് കമ്പ്യൂട്ടർ,കമ്പ്യൂട്ടർ സിസ്റ്റം, നെറ്റ് വർക്ക് എന്നിവയിൽപ്രവേശനം നേടുന്നതിനായി സഹായം നൽകുക
- സെക്ഷൻ 43 (h) : കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം നെറ്റ് വർക്ക് എന്നിവയിൽ കൃത്രിമം കാണിച്ച ഒരു വ്യക്തിക്ക് ലഭിച്ച സേവനങ്ങൾ മറ്റൊരു വ്യക്തിയുടെ അക്കൗണ്ടിൽ നിന്ന് ഈടാക്കുന്നു.
- സെക്ഷൻ 43 (i) : മറ്റുള്ളവരുടെ കമ്പ്യൂട്ടറിലെ വിവരങ്ങൾ മാറ്റം വരുത്തുക, ഡിലീറ്റ് ചെയ്യുക എന്നിവ അല്ലെങ്കിൽ അതിന്റെ മൂല്യമില്ലാതാക്കുക.
- സെക്ഷൻ 43 (j) : തകരാറ് ഉണ്ടാക്കണം എന്ന ബോധത്തോടെ എന്തെ ങ്കിലും കമ്പ്യൂട്ടർ റിസോഴ്സിന്റെ സോഴ്സ് കോഡ് മോഷ്ടിക്കുക,കൈക്കലാക്കുക, മാറ്റം വരുത്തുക എന്നിവ.

Q.ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000ന്റെ സെക്ഷൻ 43 -ൽ പരാമർശിച്ചിരിക്കുന്ന ഒരു പ്രവൃത്തി എങ്ങനെ ചെയ്താൽ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കുറ്റകൃത്യമായി മാറും?

(SI Mains - 2024)

(a) സത്യസന്ധതയില്ലാതെ അല്ലെങ്കിൽ  വഞ്ചനയോടെ

(b) സത്യ സന്ധമല്ലാത്തതോ ഭീകരമായോ

(c) സത്യസന്ധിയില്ലാതെ അല്ലെങ്കിൽ അശ്രദ്ധമായി

(d) സത്യ സന്ധതയില്ലാതെ അല്ലെങ്കിൽ മനഃപൂർവ്വം

Ans.(a) സത്യസന്ധതയില്ലാതെ അല്ലെങ്കിൽ വഞ്ചനയോടെ.

Q.ഒരു വ്യക്തി ഐ.ടി ആക്ട് 2000 സെക്ഷൻ 43 ൽപറഞ്ഞിരിക്കുന്ന കുറ്റങ്ങൾ സത്യസന്ധതയില്ലാതെയോ വഞ്ചനാപരമായോ ചെയ്യുകയാണെങ്കിൽ ലഭിക്കാവുന്ന പരമാവധി ശിക്ഷഎത്രയാണ് ?(Women Civil Excise Officer - 2023)

(a) 630 വർഷം തടവും ഒരുരു ലക്ഷം പിഴയും

(b) രണ്ടു വർഷം തടവും മൂന്ന ലക്ഷം പിഴയും

(c) മൂന്ന വർഷം തടവും അഞ്ചു ലക്ഷം പിഴയും

(d) മുകളിൽ പറഞ്ഞതൊന്നമല്ല

Ans : (d) മുകളിൽ പറഞ്ഞതൊന്നമല്ല.

Q.മനു തന്റെ കമ്പ്യൂട്ടറിൽ പൂർത്തീകരിച്ചു വച്ച നിർണ്ണായകമായ ഒരു ഔദ്യോഗിക റിപ്പോർട്ട്മനുവിന്റെ അനുമതി ഇല്ലാതെ കണ്ടെത്താനും നശിപ്പിക്കുവാനും വേണ്ടി മനുവിന്റെ സഹപ്രവർത്തകൻ വിനു ശ്രമിക്കുന്നു. ഇതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുത്തത്മറ്റൊരു സഹപ്രവർത്തകനായ വരുൺ ആണ്.വിനു മനുവിന്റെ കമ്പ്യൂട്ടറിൽ സൂക്ഷിച്ച് വച്ചഔദ്യോഗിക റിപ്പോർട്ടിൽ വൈറസ് കലർത്തിനശിപ്പിച്ചു. ഇവിടെ വിനുവും വരുണും ചെയ്തകുറ്റം.(Woman Fire and Rescue Officer - 2024)

(a) കമ്പ്യൂട്ടർ സോഴ്സ് കോഡ്കൈകടത്തൽ

(b) കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റം മുതലായവയ്ക്ക് നാശനഷ്ടം വരുത്തി വയ്ക്കുക.

(c) സ്വകാര്യത ലംഘനം

(d)സൈബർ തീവ്രവാദം

A.(b) കമ്പ്യൂട്ടർ, കമ്പ്യൂട്ടർ സിസ്റ്റംമുതലായവയ്ക്ക് നാശ നഷ്ടം വരുത്തിവയ്ക്കുക

Sec 43A

- Compensation for failure to protect data.
- ഡേറ്റാ പരിരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാലുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ് - സെക്ഷൻ 43A

Q.IT ആക്റ്റിലെ സെക്ഷൻ 43(a) പരാമർശിച്ച്താഴെപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ്ശരി ?(Sub Inspector of Police - 2023)

i) സെക്ഷൻ 43(a) ഒരു കമ്പ്യൂട്ടറിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ നഷ്ടപരിഹാരത്തിനായുള്ള ബാധ്യത സൃഷ്ടിക്കുന്നു.

ii) സെക്ഷൻ 43(a) ഒരു കമ്പ്യൂട്ടറിലേക്കുള്ള പ്രവേശനം ഉറപ്പാക്കുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരത്തിനുള്ള ബാധ്യത സൃഷ്ടിക്കുന്നു.

iii) സെക്ഷൻ 43(a) ഒരു കമ്പ്യൂട്ടറിന് കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരത്തിനുള്ള ബാധ്യത സൃഷ്ടിക്കുന്നു.

iv) സെക്ഷൻ 43(a) ഒരു കമ്പ്യൂട്ടറിന് തടസ്സംനേരിട്ടാൽ നഷ്ടപരിഹരത്തിന് ബാധ്യതസൃഷ്ടിക്കുന്നു.

(a) i only
(b) i & ii only
(c) Iii only
(d) Iii & iv.

Ans:b

Q.ഐ.ടി. ആക്ട് 2000 സെക്ഷൻ 43 A പ്രകാരം, താഴെ പറയുന്നവയിൽ ആരാണ് നഷ്ടപരിഹാരം കൊടുക്കാൻ ബാദ്ധ്യസ്ഥൻ ?(Women Civil Excise Officer - 2023)

i)കമ്പനി

ii) പാർട്ട്ണർഷിപ്പ് സ്ഥാപനം

iii) വ്യക്തി.

(a) (i & ii)

(b) (i & iii)

(c) (ii & iii)

(d) (i, ii & iii)

Ans: d

Q.2000 ലെ വിവരസാങ്കേതിക നിയമ പ്രകാരം ഡാറ്റ പരീക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ താഴെ പറയുന്നവരിൽ ആരാണ് നഷ്ട്ടപരിഹാരം നൽകാൻ ബാധ്യസ്ഥരായിട്ടുള്ളത്? (Civil Police Officer - 2024)

(a) സർക്കാർ ഏജൻസികൾ മാത്രം

(b) ഡാറ്റ നേരിട്ട് കൈകാര്യം ചെയ്യുന്ന വ്യക്തികൾ മാത്രം

(c) സെൻസിറ്റീവ് സ്വഭാവമുള്ള വ്യക്തിഗത ഡാറ്റയോ വിവരങ്ങളോ കൈവശം വയ്ക്കുന്നതോ കൈകാര്യം ചെയ്യുന്നതോ ആയ ഏതൊരു കമ്പനിയും

(d) ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ മാത്രം

Ans : (c) സെൻസിറ്റീവ് സ്വഭാവമുള്ള വ്യക്തിഗത ഡാറ്റയോ വിവര ങ്ങളോ കൈവശം വയ്ക്കുന്നതോ കൈകാര്യംചെയ്യുന്നതോ ആയ ഏതൊരു കമ്പനിയും

## Sec 65

- Tampering with computer source documents.

- ഒരു ഇലക്ട്രോണിക്ക് മാധ്യമത്തിലെ ശരിയായ രേഖകൾ നീക്കം ചെയ്യുകയോ തെറ്റായ രേഖകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നത് ആണ്.
- ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിനെയോ, കമ്പ്യൂട്ടർ നെറ്റ് വർക്കിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സോഴ്സ് കോഡിനെയോ ഒരു വ്യക്തി മനപൂർവ്വം നശിപ്പിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് സംബന്ധിച്ചുള്ള വകുപ്പ്.
- സൈബർ ടാംപറിങ് നടത്തുന്നവർക്കെതിരെ ഒരു വാറന്റും കൂടാതെപോലീസ് ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതാണ്.
- ശിക്ഷ : 3 വർഷം വരെ തടവും അല്ലെങ്കിൽ 2 ലക്ഷം രൂപ പിഴയും അതുമല്ലെങ്കിൽ ഇവ രണ്ടും കൂടി ലഭിക്കുന്നതാണ്.

  (cognizable and bailable)

Q.ഐ.ടി. നിയമത്തിലെ ഈ വ്യവസ്ഥ, പകർപ്പവകാശ നിയമത്തിന് കീഴിൽ ലഭ്യമായതിലും അപ്പുറമുള്ള കമ്പ്യൂട്ടർ സോഴ്സ് ഡോക്യുമെന്റുകൾ(കോഡുകൾ) സംരക്ഷിക്കാനുള്ള ശ്രമമാണ്(Beat Forest Officer - 2024).

(a) സെക്ഷൻ 43

(b)സെക്ഷൻ 65

(c) സെക്ഷൻ 66

(d) സെക്ഷൻ 70

Ans : (b) സെക്ഷൻ 65

Section 66

Computer related offences (Hacking)

- കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ് - സെക്ഷൻ 66
- ഏതെങ്കിലുമൊരു വ്യക്തി സത്യസന്ധതയില്ലാതെയോ വഞ്ചനാപരമായോ 43-ാം വകുപ്പിൽപറയുന്ന ഏതെങ്കിലും കുറ്റകൃത്യം ചെയ്താൽ ലഭിക്കുന്ന ശിക്ഷയെപ്പറ്റി പ്രതിപാദിക്കുന്ന വകുപ്പ്.
- ശിക്ഷ : 3 വർഷം വരെ തടവോ, 5 ലക്ഷം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ. (Cognizable and bailable)
- 2008-ലെ ഭേദഗതി പ്രകാരം സെക്ഷൻ 66,ഹാക്കിങ് എന്നത് കമ്പ്യൂട്ടർ റിലേറ്റഡ് ഒഫൻസസ് എന്നാക്കി മാറ്റി.

- Computer Related Offence.
- Related to hacking
- Computer Related Offence
- Punishment.

  5 lakhs,3 year (cognizable and bailable)

- ജോയിന്റ് അക്കാദമിക് നെറ്റ് വർക്കിലേക്ക് അനധികൃത ആക്സസ് നേടിയ പ്രതി,അംഗീകൃത ഉപയോക്താക്കൾക്ക് പ്രവേശനം നിഷേധിക്കുന്നതിനായി ഫയലുകൾ ഇല്ലാതാക്കുകയും ചേർക്കുകയും പാസ്സ്‌വേർഡുകൾ മാറ്റുകയും ചെയ്തു. ഐ.ടി. ആക്ട് പ്രകാരംപ്രതി ചെയ്ത കുറ്റം ഏതു വകുപ്പിനു കീഴിലാണ്?(Beat Forest Officer - 2024)

(a) സെക്ഷൻ 63

(c) സെക്ഷൻ 66

(b) സെക്ഷൻ 72

(d) സെക്ഷൻ 14

Ans : (c) സെക്ഷൻ 66

Q.കമ്പ്യൂട്ടറുകൾ ഹാക്ക് ചെയ്യുന്നതിനുള്ള

ശിക്ഷ എന്താണ്?(Police Constable Driver - 2024)

(a) മൂന്ന് വർഷം തടവ് അല്ലെങ്കിൽ 10 ലക്ഷംരൂപ പിഴ  അല്ലെങ്കിൽ രണ്ടും.

(b) ജീവപര്യന്തം

(c) മൂന്ന് വർഷം തടവ് അല്ലെങ്കിൽ 5 ലക്ഷം

രൂപ പിഴ അല്ലെങ്കിൽ രണ്ടും

(d) മൂന്ന് വർഷം തടവ് അല്ലെങ്കിൽ 2 ലക്ഷം

രൂപ പിഴ അല്ലെങ്കിൽ രണ്ടും.

Ans : (c) മൂന്ന് വർഷം തടവ് അല്ലെങ്കിൽ

5 ലക്ഷം രൂപ പിഴ അല്ലെങ്കിൽ രണ്ടും

Q.കമ്പ്യൂട്ടറിന്റെ ഉടമയുടെ അനുമതിയില്ലാതെ ആരെങ്കിലും അനധികൃതമായി സത്യസന്ധതയില്ലാതെയോ വഞ്ചനാപരമായോ ആ കമ്പ്യൂട്ടറിൽ പ്രവേശനം ചെയ്താൽ ആ വ്യക്തിക്കെതിരെ വിവരസാങ്കേതിക നിയമം 2000 പ്രകാരം ഏത്കുറ്റം ചുമത്താവുന്നതാണ് ?(Fire Rescue Officer - 2023)

(a) ഹാക്കിംഗ്

(b) വകുപ്പ് 66 കമ്പ്യൂട്ടർ സംബന്ധമായ കുറ്റകൃത്യങ്ങൾ

(c) വകുപ്പ് 66C ഐഡന്റിറ്റി മോഷണം

(d) വകുപ്പ് 43 പ്രകാരം കുറ്റകൃത്യം അല്ല പിഴമാത്രം കൊടുത്താൽ മതി

Ans : (b)വകുപ്പ് 66 കമ്പ്യൂട്ടർ സംബന്ധമായ

കുറ്റകൃത്യങ്ങൾ

Q.മറ്റ വ്യക്തിയുടെ എ.ടി.എം. കാർഡ് ഉപയോഗിച്ച് മോഷണം നടത്തുന്നത് ശിക്ഷാർഹമാക്കുന്നത് ഏത് നിയമം ആണ് ?

(Woman Police Constable - 2023)

(a) വകുപ്പ് 70 ഇൻഫർമേഷൻ ടെക്നോളജി നിയമം

(b) വകുപ്പ് 70 ഇന്ത്യൻ ശിക്ഷാ നിയമം

(c) വകുപ്പ് 66 ഇൻഫർമേഷൻ ടെക്നോളജി നിയമം

(d) വകുപ്പ് 66 ഇന്ത്യൻ ശിക്ഷാനിയമം

Ans : (c) വകുപ്പ് 66 ഇൻഫർമേഷൻ ടെക്നോളജി നിയമം

Q.കമ്പ്യൂട്ടർ വൈറസുമായി ബന്ധപ്പെട്ട 2000-ലെ

വിവരസാങ്കേതിക നിയമത്തിന്റെ വ്യവസ്ഥ (Civil Excise Officer -2024)

(a) വകുപ്പ് 43

(b) വകുപ്പ് 66

(c) രണ്ടും (a) & (b)

(d) മുകളിൽ പറഞ്ഞവ ഒന്നുമല്ല

Ans : (c) രണ്ടും (a) & (b)

## Sec 66A

- Punishment for sending offensive messages through a computer or communication device.
- Shreya Singhal VS Union of India.
- 2015 march 24

## Sec 66B

- Punishment for dishonesty receiving stolen computer resource or Communication device.
- Punishment.

  3 year,1 lakh(cognizable and bailable)

## Sec 66C

- Punishment for identity theft.
- മറ്റൊരു വ്യക്തി യുടെ ഇലക്ട്രോണിക്ക് സിഗനേച്ചർ പാസ്സ്‌വേർഡ് മുതലായ തിരിച്ചറിയൽ സവിശേഷതകൾ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ്.
- Punishment.

  3 year,1 lakh(cognizable and bailable)

Q.2000 - ലെ ഇൻഫർമേഷൻ ടെക്നോളജിആക്ട് പ്രകാരം, ഐഡന്റിറ്റി മോഷണത്തിനുള്ള ശിക്ഷ?

(a) 2 വർഷം വരെ തടവും 1 ലക്ഷം വരെപിഴയും

(b) 2 വർഷം വരെ തടവും 2 ലക്ഷം വരെ പിഴയും

(c) 3 വർഷം വരെ തടവും 1 ലക്ഷം വരെ പിഴയും

(d) 3 വർഷം വരെ തടവും 2 ലക്ഷം വരെ പിഴയും.

Ans : (c) 3 വർഷം വരെ തടവും 1 ലക്ഷം വരെ പിഴയും

Q.ബാങ്ക് ഉദ്യോഗസ്ഥ എന്ന വ്യാജേന, മുതിർന്നപൗരനെ വിളിച്ച്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും, സ്വകാര്യ വിവരങ്ങളും ഫോൺമുഖേനയും, ഇ-മെയിൽ മുഖേനയും ചോർത്തിയെടുത്തു. ശേഷം, മുതിർന്ന പൗരന്റെ അക്കൗണ്ടിൽ നിന്നും 71,000/-രൂപ ഡെബിറ്റ്ചെയ്യപ്പെട്ടു. ഇവിടെ നടന്ന കുറ്റകൃത്യം ഏത്?

(a) തിരിച്ചറിയൽ മോഷണം അഥവാ ഐഡന്റിറ്റി തെഫ്റ്റ്

(b) സ്വകാര്യത ലംഘനം

(c) ഹാക്കിംഗ്

(d) അധികാര ദുർവിനിയോഗം

Ans A

Q.ഐഡന്റിറ്റി മോഷണത്തിനുള്ള ശിക്ഷപ്രകാരം നൽകിയിരിക്കുന്നു.

(Sub Inspector of Police - 2023)

(a) സെക്ഷൻ 356 ഇന്ത്യൻ ശിക്ഷാ നിയമം,1860

(b) സെക്ഷൻ 353 ഇന്ത്യൻ ശിക്ഷാ നിയമം,1860

(c) സെക്ഷൻ 66C ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000

(d) സെക്ഷൻ 65 ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2008

Ans : (c) സെക്ഷൻ 66C ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000

## Sec 66D

- Punishment for cheating by personation by using computer resource .
- കമ്പ്യൂട്ടർ റിസോഴ്സ് വഴി യോ ഏതെങ്കിലും ആശയ വിനിമയ ഉപകരണം വഴിയോ ആൾമാറാട്ടം നടത്തി മറ്റുള്ളവരെ വഞ്ചിക്കുന്ന കുറ്റകൃത്യങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ്.
- Punishment.

  3 year,1 lakh (cognizable and bailable)

Q.കമ്പ്യൂട്ടർ ഉറവിടങ്ങൾ ഉപയോഗിച്ച് ആൾമാറാട്ടം നടത്തി വഞ്ചിക്കുന്നതിനുള്ള ശിക്ഷയെക്കുറിച്ച് ഐ.ടി. ആക്ട് 2000-ലെ ഏത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത് ?(Fire and Rescue officer (Trainee) - 2023)

(a) വകുപ്പ് 66

(b) വകുപ്പ് 66C

(c) വകുപ്പ് 66B

(d) വകുപ്പ് 66F

Ans : (a) വകുപ്പ് 66D

Q.വ്യാജ അക്കൗണ്ടുകൾ ഉപയോഗിച്ച് സമൂഹമാധ്യമങ്ങളിലൂടെ ഒരു വ്യക്തിയെ അപകീർത്തിപ്പെടുത്തുന്നത് വിവര സാങ്കേതിക വിദ്യാനിയമം 2000-ലെ ഏത് വകുപ്പ് പ്രകാരമാണ്ശിക്ഷാർഹമാകുന്നത് ?(Beat Forest Officer - 2023)

(a) വകുപ്പ് 66D

(c) വകുപ്പ് 66B

(b) വകുപ്പ് 66E

(d) വകുപ്പ് 66C

Ans : (a) വകുപ്പ് 66D

Sec 66E (സ്വകാര്യതാ ലംഘനം)

- Punishment for violation of privacy.
- ഒരാളുടെ സ്വകാര്യത യിലേക്ക് സൈബർ സ്പേസ് വഴിയുള്ള കടന്നു കയറ്റം.
- Punishment.

  3 year, 2 lakh (cognizable and bailable)

Sec 66 F

- Punishment for cyber terrorism.
- Whoever commits or conspires to commit cyber terrorism shall be punishable with imprisonment which may extend to imprisonment for life.
- (cognizable and Non bailable)
- ജീവപര്യന്തം തടവ് ശിക്ഷ.

Q.ഐ.ടി. നിയമത്തിലെ ഏത് വകുപ്പാണ്സൈബർ ഭീകരതയെക്കുറിച്ച് പ്രതിപാദിക്കുന്നത്?(Fire and Rescue officer (Trainee) - 2023)

(a) വകുപ്പ് 66B

(b) വകുപ്പ് 66C

(c) വകുപ്പ് 66F

(d) വകുപ്പ് 66A

Ans : (c) വകുപ്പ് 66F

Q.സൈബർ ഭീകരവാദത്തിന് വിവരസാങ്കേതിക നിയമം പ്രതിപാദിക്കുന്ന പരമാവധി ശിക്ഷ.

(a) വധശിക്ഷ

(b) ജീവപര്യന്തം തടവ്

(c) 14 വർഷം തടവ് (d) 12 വർഷം തടവ്

(Fireman/Firewomen - 2022)

Ans : (b) ജീവപര്യന്തം തടവ്

## <u>Sec 67</u>

- Punishment for publishing or transmitting obscene material in electronic form.
- അശ്ലീല ചിത്രങ്ങൾ ഡിജിറ്റൽ രൂപത്തിൽ പ്രസദ്ധീകരിക്കുകയോ കൈമാറുകയോ ചെയ്യുന്ന കുറ്റകൃത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

- ഇന്റർനെറ്റ് അല്ലെങ്കിൽ ഡിജിറ്റൽ മീഡിയ വഴി അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രചരിപ്പിക്കുന്നത് സെക്ഷൻ 67 ന്റെ പരിധിയിൽ വരുന്ന കുറ്റമാണ്.

- Non bailable

ശിക്ഷ

- ആദ്യ തവണയാണ് ചെയ്യുന്നതെങ്കിൽ 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും

കുറ്റം ആവർത്തിച്ചാൽ

- 5 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ.

## Sec 67A

- Punishment for publishing or transmitting of material containing sexually explicit act etc , in electronic form.
- Related to Pornograhy.

ശിക്ഷ

- ആദ്യ തവണയാണ് ചെയ്യുന്നതെങ്കിൽ 5 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും

കുറ്റം ആവർത്തിച്ചാൽ

- 7 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ.
- cognizable and Non bailable

## Sec 67 B

- Punishment for publishing or transmitting of material depicting children in sexually expliciting act etc , in electronic form.
- Child pornograhy
- 18വയസ്സിൽ താഴെ യുള്ള വ്യക്തി കളെ ആണ് ഈ നിയമ പ്രകാരം

കുട്ടിയായി കണക്കാക്കുന്നത്

ശിക്ഷ

- ആദ്യ തവണയാണ് ചെയ്യുന്നതെങ്കിൽ 5 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും

കുറ്റം ആവർത്തിച്ചാൽ

- 7 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ.
- cognizable and Non bailable

Q.Mr. A ഒരു ഓഫീസിൽ ജോലി ചെയ്യവേ,സഹപ്രവർത്തകരായ ചില വ്യക്തികൾക്ക് ഇമെയിലുകൾ മുഖേന അശ്ലീല ചിത്രങ്ങൾ അയച്ചു. Mr. A യുടെ പ്രവൃത്തി,ഇൻഫോർമേഷൻ ടെക്നോളജി ആക്ട് 2000 ലെ താഴെക്കൊടുത്തിട്ടുള്ള ഏതു വകുപ്പിന്റെ ലംഘനം ആണ് ? (Woman Police Constable - 2024)

(a) സെക്ഷൻ 66 F

(b)സെക്ഷൻ 67 A

(c)സെക്ഷൻ 68 A

(d)സെക്ഷൻ 77 B.

Ans : (b) സെക്ഷൻ 67 A

Q.വിവര സാങ്കേതിക നിയമം 2000 പ്രകാരം

കുട്ടികളുടെ അശ്ലീല സാഹിത്യം കുറ്റകൃത്യമായി കണക്കാക്കുന്നതിന് കുട്ടിയുടെ പ്രായം(Civil Excise Officer -2024)

(a) 18 വയസ്സിൽ താഴെ

(b) 16 വയസ്സിൽ താഴെ

(c) 12 വയസ്സിൽ താഴെ

(d) 14 വയസ്സിൽ താഴെ

Ans : (a) 18 വയസ്സിൽ താഴെ

Q..ഇലക്ട്രോണിക് രൂപത്തിൽ ലൈംഗികത സ്പഷ്ടമാക്കുന്ന കാര്യങ്ങൾ പ്രസിദ്ധീകരിക്കുകയോ പ്രക്ഷേപണം ചെയ്യുകയോചെയ്യതിന് സെക്ഷൻ 67 A പ്രകാരമുള്ളരണ്ടാമത്തെ അല്ലെങ്കിൽ  തുടർന്നുള്ള ശിക്ഷയുള്ള പരമാവധി ശിക്ഷ എന്താണ്?

(a) അഞ്ച് വർഷം വരെ തടവും പത്ത് ലക്ഷം രൂപ വരെ പിഴയും

(b) ഏഴ് വർഷം വരെ തടവും പത്ത് ലക്ഷംരൂപ വരെ പിഴയും

(c) ഏഴ് വർഷം വരെ തടവും പതിനഞ്ചുലക്ഷം രൂപ വരെ പിഴയും

(d) പത്ത് വർഷം വരെ തടവും പതിനഞ്ചുലക്ഷം രൂപ വരെ പിഴയും

Ans : (b) ഏഴ് വർഷം വരെ തടവും പത്തുലക്ഷം രൂപ വരെ പിഴയും

Q.പോലീസ് കണ്ടുകെട്ടിയ ഒരു മൊബൈൽഫോണിൽ ഫോണിന്റെ ഉടമ കുട്ടികളുടെഅശ്ലീല ചിത്രങ്ങൾ അടങ്ങുന്ന ഫയൽസ്വമേധയോ സ്വീകരിച്ചതായും ഡൗൺലോഡ്ചെയ്തതായും കണ്ടെത്തി. എന്നാൽ ഫോൺഉടമ ആ ഫയലുകൾ മറ്റാർക്കും അയച്ചിരുന്നില്ല.ആ വ്യക്തി താഴെ പറയുന്നവയിൽ ഏത് വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് അർഹനാണ്?(Fire Rescue Officer - 2023)

(a) വകുപ്പ് 20 വിവരാവകാശ നിയമം 2005

(b) വകുപ്പ് 67A വിവരസാങ്കേതിക നിയമം2000

(c) വകുപ്പ് 67B വിവര സാങ്കേതിക നിയമം2000

(d) വകുപ്പ് 21 വിവരാവകാശ നിയമം 2005

Ans : (c) വകുപ്പ് 67B വിവര സാങ്കേതിക

നിയമം 2000

Q.ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ അശ്ലീലചിത്രങ്ങൾ പ്രചരിപ്പിക്കുകയോ അശ്ലീലവസ്തുക്കൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത് ഏത് പേരിലാണ് അറിയപ്പെടുന്നത്?(Fireman/Firewomen - 2022)

(a)സൈബർ ആൾമാറാട്ടം

(b)സൈബർ ഭീകരവാദം

(c)സൈബർ പോർണോഗ്രാഫി

(d)സൈബർ വ്യക്തിവിവര മോഷണം

Ans : (c)

സൈബർ പോർണോഗ്രാഫി

## Sec 72

- Penalty for breach of confidentiality and privacy.
- എന്തെങ്കിലും സ്വകാര്യ വസ്തുക്കൾ, പേഴ്സണൽ ഡയറി, പ്രമാണം, കത്തിടപാടുകൾ, ഇലക്ട്രോണിക് റെക്കോർഡ് എന്നിവ ഒരാളുടെ സമ്മതമില്ലാതെ കൈവശപ്പെടുത്തുന്നത്കുറ്റകരമാണ്
- Punishment 2 year,1 lakh(5 Lakhs)

## Sec 77 B

- Offences with 3 year imprisonment to be bailable.
- 3 വർഷം വരെ തടവുശിക്ഷയുള്ള ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

Sec 78

- Power to investigate offences
- ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ നിയമത്തിന് കീഴിലുള്ള കുറ്റങ്ങൾ അന്വേഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന വകുപ്പ്.

Q.ശരിയായ ജോഡി കണ്ടെത്തുക ?

1) ഐ.ടി ആക്ടിലെ സെക്ഷൻ 66B

a) മോഷ്ടിച്ച കമ്പ്യൂട്ടർ ഉറവിടം

2) ഐ.ടി ആക്ടിലെ സെക്ഷൻ 66C

b) സ്വകാര്യത

3) ഐ.ടി ആക്ടിലെ സെക്ഷൻ 66D

c) ഐഡന്റിറ്റി മോഷണം

4) ഐ.ടി ആക്ടിലെ സെക്ഷൻ 66E

d) വ്യക്തിത്വത്താൽ വഞ്ചന

(a) 1-a, 2-b, 3-c, 4-d (b) 1-a, 2-c, 3-b, 4-d

(c) 1-c, 2-d, 3-b, 4-a (d) 1-a, 2-c, 3-d, 4-b

(Sub Inspector of Police - 2023)

Ans : (d) 1-a, 2-c, 3-d, 4-b

- ജൻ വിശ്വാസ് അമൻഡ്മെന്റ് ഓഫ് പ്രൊവിഷൻ) ആകട് -2023
- ലോക്സഭ പാസാക്കിയത് - 2023 ജൂൺ 27
- രാജ്യസഭ പാസാക്കിയത് - 2023 ആഗസ്റ്റ് 2
- പ്രസിഡന്റ് ഒപ്പുവച്ചത് - 2023 ആഗസ്റ്റ് 11.
- 2023 നവംബർ 30 ന് ജൻ വിശ്വാസ് നിയമത്തിലെ ഐ.ടി ആക്ടുമായി ബന്ധപ്പെട്ട ഭേദഗതികൾനിലവിൽ വന്നു.
- പൊതു താല്പര്യത്തിനോ ദേശീയ സുരക്ഷയ്ക്കോ ഒരു ഹാനിയും വരുത്താത്ത ചെറിയ കുറ്റകൃത്യങ്ങൾ ക്രിമിനൽ കുറ്റങ്ങളാക്കുന്നതിന് പകരം സിവിൽ പിഴകളോ ഭരണപരമായ നടപടികളോഏർപ്പെടുത്തുക എന്നതാണ് നിയമത്തിന്റെ ലക്ഷ്യം.
- ഐ.ടി ആക്ടിൽ ഭേദഗതി വന്ന വകുപ്പുകൾ - 33, 44, 45, 46, 67, 68, 69B, 70B, 72, 72A
- കൂടാതെ ഐ.ടി ആക്ടിലെ 66 A എന്ന വകുപ്പും ഈ നിയമം വഴി ഒഴിവാക്കി.

43

43A

65 -3 yr  2 lakhs

66 -Hameed  -Hacking-3yr 5 lakhs

66A-SN  - Social Network

66B- devices -Stolen Devices-3 yr 1 l

66C-password-theft

66D-spoofing -

66E-violation of privacy -3 yr  2 lakhs

66F-Terrorism

67

67A,67B

**THANK YOU**